**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.454 20.10.2011 ൽ മറുപടിക്ക്**

## ജി.എസ്.ടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജി.എസ്. ടി. സമ്പ്രദായം നടപ്പിലാക്കുന്നതോടെ അവശ്യ സാധനങ്ങളുടെ വില നിലവാരത്തിലുണ്ടായേക്കാവുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ; | (എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ ഭരണഘടനാ ഭേദഗതി ബിൽ, പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിലാണ്. ഭരണഘടനാ ഭേദഗതി നടപ്പിലായാൽ മാത്രമേ ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം സാധ്യമാകൂ. ജി.എസ്.ടി. സമ്പ്രദായത്തിൽ അവശ്യ സാധനങ്ങളുടെ വില നിലവാരത്തിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾ നിയമ നിർമ്മാണത്തിനു ശേഷം, മറ്റു സംസ്ഥാനങ്ങൾ ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് അവലോകനം നടത്തിയതിനുശേഷം മാത്രമേ വിലയിരുത്താൻ സാധിക്കുകയുള്ളൂ. |

......2

(ബി) കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളെ പ്രസ്തുത നികുതി സമ്പ്രദായം എങ്ങനെ ബാധിക്കുമെന്ന് പറയാമോ ?

(ബി) കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളെ ജി.എസ്.ടി. സമ്പ്രദായം എങ്ങനെ ബാധിക്കുമെന്ന് നിയമ നിർമ്മാണം നടത്തിയതിനുശേഷം മാത്രമേ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ